പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4146 — 25-6-2014-ൽ മറുപടിക്ക്

**മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തുകളിലെ കടിവെള്ള വിതരണം.**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി, നരിപ്പറമ്പ് പമ്പ് ഹൗസിൽ നിന്ന് മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തുകളിലേക്ക് കടിവെള്ളമെത്തിക്കുന്ന പൈപ്പ് കാഞ്ഞിരമുക്ക് പുഴയുടെ അടിയിലൂടെ പോകുന്നതുമൂലം നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ബി) പുഴയ്ക്കിടയിൽ പൈപ്പ് പൊട്ടിയാൽ മുങ്ങൽ വിദഗ്ദ്ധർ വന്ന് പൈപ്പ് നന്നാക്കുന്നതിന് മൂന്ന്-നാല് മാസങ്ങളെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് പരിഹരിക്കുന്നതിന് കെ.ഡബ്ല്യൂ.എ. എടപ്പാൾ പി.എച്ച്. ഡിവിഷൻ ഏതെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്ത് തുകയുടേതാണ്; (ഡി) പൈപ്പ് ലൈൻ പാലത്തിന് മുകളിലൂടെയാക്കി മാറ്റുന്നതിന് തുക അനുവദിച്ച് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും | ഇതു പരിഹരിക്കുന്നതിനായി M/s. SILK ബേപ്പൂരിന്റെ സഹായത്തോടെ തയ്യാറാക്കിയ 60,87,049 രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. എസ്റ്റിമേറ്റും റിപ്പോർട്ടും തയ്യാറാക്കുന്നതിന് അനുസൃതമായി പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ